കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ.സി4/2183/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർജില്ല,

Email:lfaddistofficeknr@gmail.com

Phone: 0497-2707698

തിയ്യതി : 01.02.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: ഇരിക്കൂർ ഗ്രാമപഞ്ചായത്ത് 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇരിക്കൂർഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-1,3-1,3-2,3-6എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം).

3) കാര്യാലയ പ്രതി.

സീയാർ/-

നം.കെ.എസ്.എ. കെ.എൻ.ആർ.സി4/2183/2016. തീയതി : 1.2.2017

# കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 05.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.2016 മുതൽ 19.12.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കനകരാജൻ.ഇ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ദിലീപ് കുമാർ.കെ.എൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ടി.പി.ഫാത്തിമ | 01.04.2015.മുതൽ 31.10.2015 വരെ |
| ഭരണനിർവ്വഹണകമ്മിറ്റി | ശ്രീ.കെ. അബ്ദുൾ റഷീദ്, സെക്രട്ടറി<br>ശ്രീമതി.ഷീബ .പി.ടി, കൃഷി ഓഫീസർ<br>ശ്രീമതി.അനിത.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1.11.2015.മുതൽ 19.11.2015 വരെ |
| പ്രസിഡണ്ട് | ശ്രീ.കെ.ടി. നസീർ | 20.11.2015.മുതൽ 31.03.2016 വരെ |

2.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ. അബ്ദുൾ റഷീദ് | 01.04.2015.മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷീബ .പി.ടി | 01.04.2015.മുതൽ 31.03.2016 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.കെ.ദിലീപ് കുമാർ | 01.04.2015 മുതൽ 18.06.2015 വരെ |
| | ശ്രീമതി.ബിന്ധ്യ.കെ.വി | 19.06.2015.മുതൽ 01.01.2016 വരെ |
| | ശ്രീ.സജീവൻ.കെ.സി | 02.01.2016.മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷൈൻ.എസ്സ് | 01.04.2015.മുതൽ 20.04.2015 വരെ |
| | ഡോ.ജോജി ആൽബർട്ട് | 21.04.2015മുതൽ 30.05.2015 വരെ |
| | ഡോ. പി മുരളീധരൻ | 31.05.2015 മുതൽ 31.07.2015 വരെ |
| | ഡോ.ധന്യ.പി | 01.08.15 മുതൽ 31.12.2015 വരെ |
| | ഡോ.ജവഹർ.കെ | 01.01.2016 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.ഗിരാജ്.എ | 01.04.2015.മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. രമിത.പി.പി | 01.04.2015 മുതൽ12.06.2015 വരെ |
| | ഡോ. സന്ദീപ് എസ് മേനോൻ | 13.06.2015 മുതൽ 12.11.2015 വരെ |
| | ഡോ. ആരിഫ് ലത്തീഫ് | 13.11.2015 മുതൽ 30.11.2015 വരെ |
| | ഡോ. മനു മാത്യു | 01.12.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.എ.പി. ഗോപി | 01.04.2015.മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അനിത | 01.04.2015.മുതൽ 11.12.2015 വരെ |
| | ശ്രീമതി.രേണുക.എ.പി | 12.12.2015.മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി.) | ശ്രീമതി.അപർണ്ണ വിൽസൺ | 01.04.2015.മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ഗ്രാമ സഭ | 1-7 |
| 8 | ദുരിതാശ്വാസനിധി | 1-8 |
| 9 | മോണിറ്ററിംഗ് | 1-9 |
| 10 | തനത് വരുമാനം | 1-10 |
| 11 | ക്ഷേമപദ്ധതികൾ | 1-11 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 |

| | | |
|---|---|---|
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 |
| | ഭാഗം 2<br>വരവുകണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | വസ്തു നികുതി - കുടിശ്ശിക 15.3 ലക്ഷം രൂപ -പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 2-1 |
| 16 | തൊഴിൽ നികുതി – വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നോട്ടീസ് നൽകി ഈടാക്കുന്നില്ല | 2-2 |
| 17 | ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ | 2-3 |
| 18 | പാരാമെഡിക്കൽ രജിസ്ട്രേഷൻ- അപാകങ്ങൾ | 2-4 |
| 19 | കെട്ടിട നിർമാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - 470 ഈടാക്കേണ്ടതാണ് | 2-5 |
| 20 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-6 |
| 21 | സേവന നികുതി ഈടാക്കുന്നില്ല | 2-7 |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | ഫണ്ട് വിനിയോഗത്തിൽ പുരോഗതിൽ കൈവരിച്ചില്ല -പാഴായ പദ്ധതിപ്പണം 42.16ലക്ഷം രൂപ. | 3-1 |
| 23 | ഫണ്ടുകൾ യഥാസമയം ചെലവഴിച്ചില്ല–പഞ്ചായത്തിന്റെ ബാദ്ധ്യത 26.63ലക്ഷം രൂപ. | 3-2 |
| 24 | കെ.എസ്.ഇ.ബി.ക്ക് നൽകിയ 30,780 രൂപ- വിശദവിവരങ്ങളും പൂർത്തീകരണ റിപ്പോർട്ടും ഇല്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-3 |

| | | |
|---|---|---|
| 25 | തെരുവ് വിളക്കുകൾക്ക് വാർഷിക അറ്റകുറ്റപ്പണികൾ | 3-4 |
| 26 | സേവാഗ്രാം കേന്ദ്രങ്ങൾ ശാക്തീകരിക്കേണ്ടതാണ് | 3-5 |
| 27 | ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതി - ഭവന നിർമാണം പൂർത്തീകരിച്ചില്ല | 3-6 |
| 28 | ഗുണഭോക്താക്കൾക്ക് സബ്സിഡി- മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 3-7 |
| 29 | പ്രവൃത്തിപൂർത്തിയാക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കാത്ത് മരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധം | 3-8 |
| 30 | ക്ഷേമനിധി വിഹിതം ഒടുക്കിയത് - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 3-9 |
| 31 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് പുനർനിർണയിക്കേണ്ടതാണ് | 3-10 |
| 32 | ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം | 3-11 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് ഭരണസമിതിന്റെ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| അംഗീകരിച്ച നമ്പർ/തീയ്യതി | 30/15 തീ.25.03.2015 |
| മുന്നിരിപ്പ് | 1,05,46,788 |
| വരവ് | 15,68,14,850 |
| ആകെ | 16,73,61,638 |
| ചെലവ് | 13,67,28,450 |
| നീക്കിയിരിപ്പ് | 3,06,33,188 |

പഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പുതുക്കിയ ബജറ്റിന് 16.01.2016ലെ 16(1)നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പുതുക്കിയ ബജറ്റിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.യഥാർത്ഥവരവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് ബജറ്റിലെ പല ഇനങ്ങളും തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് വ്യതിയാനത്തിന്റെ ചില ഉദാഹരണങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നം. | നികുതി ഇനം | ബജറ്റ് പ്രകാരം വരവ് | യഥാർത്ഥ വരവ് |
|---|---|---|---|
| 1 | വസ്തു നികുതി | 18,75,000 | 10,26,732 |
| 2 | തൊഴിൽ നികുതി | 12,00,000 | 13,31,230 |

| | | | |
|---|---|---|---|
| 3 | ബസ് സ്റ്റാന്റ് വരവ് | 1,50,000 | 1,23,940 |
| 4 | വാടക | 25,000 | 11,000 |
| 5 | ലൈസൻസ് ഫീസ് | 50,000 | 41,440 |
| 6 | പെർമിറ്റ് ഫീസ് | 4,50,000 | 63,304 |
| 7 | ലേലം | 10,000 | 1,76,783 |
| 8 | മണൽ | 4,00,000 | 1,71,925 |

ബജറ്റ് തയ്യാറാക്കുമ്പോൾ കുറേക്കൂടി സൂക്ഷ്മതയും ജാഗ്രതയും ഉണ്ടാവേണ്ടതും അവ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31.07.2016 | 23.07.2016 | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2015-16 | 13.12.2016 & 14.12.2016 | വിശേഷണങ്ങളോട് കൂടിയത് |

വാർഷികകണക്കിലെ അപാകങ്ങൾ

1)ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2)വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3)തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ എന്നിവ അക്കൌണ്ടുമായി

പൊരുത്തപ്പെടുന്നില്ല.

4)മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5)ബിൽഡിംഗ് പെർമിറ്റ് ഫീസ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6) B-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരങ്ങൾ പൂർണമല്ല.

7) B-2 ഷെഡ്യൂളിൽ 'Equity Share'ആയി കാണിച്ച തുക യഥാർത്ഥത്തിൽ ഏത് ഇനത്തിൽപ്പെടുന്നതാണെന്ന് വ്യക്തമല്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2015-16 |
| മുന്നിരിപ്പ് | 1,46,15,688 |
| വരവ് | 4,38,19,027 |
| ആകെ | 5,84,34,715 |
| ചെലവ് | 5,08,35,944 |
| നീക്കിയിരിപ്പ് | 75,98,771 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ** | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം ) | 9,64,243 | 21,85,770 *20,90,188 | 52,40,201 | 52,40,201 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി. ) | 587 | 3,22,000 | 3,22,587 | 3,22,000 *587 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി. ) | 0 | 9,000 | 9,000 | 9,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ് ) | 6,92,916 | 30,64,457 | 37,57,373 | 37,57,373 | 0 | 100 |
| സംരക്ഷണഗ്രാന്റ് | 3,62,768 | 20,70,247 | 24,33,015 | 24,33,015 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| (നോൺറോഡ് ) | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 82,390 | 24,59,511 | 25,41,901 | 17,49,960<br>*7,91,941 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 20,10,679 | 11,65,837 | 31,76,516 | 18,78,856<br>*12,97,660 | 0 | 100 |
| എൻ.ആർ.ഇ.ജി.എസ്. | 1,363 | 41,09,750 | 41,11,113 | 41,10,689 | 424 | |
| ബി ഫണ്ട് | 0 | 4,12,149 | 4,12,149 | 4,12,149 | 0 | 100 |

* ട്രാൻസഫർ ക്രഡിറ്റ് ചെയ്തതുക.

**റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

വികസനഫണ്ട്, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ്, സംരക്ഷണഗ്രാന്റ് (റോഡ്), സംരക്ഷണഗ്രാന്റ് (നോൺറോഡ്) എന്നിവയിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന അലോട്ട്മെന്റുകൾ വരവായി അക്കൌണ്ടിൽ ഉൾപ്പെടുത്തുന്നില്ല എന്നതിനാലും ചെലവഴിച്ച തുക വരവായും ചെലവായും അക്കൌണ്ടിൽ കാണിക്കുന്നതിനാൽ യഥാർത്ഥത്തിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുകയുടെ വിനിയോഗം ഇതല്ല.സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും വർഷങ്ങൾക്ക് മുന്നെ ലഭിച്ച് വിനിയോഗിക്കപ്പെടാതെ ബാക്കിയായ ലക്ഷക്കണക്കിന് രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗം സംബന്ധിച്ച പ്രത്യേക ഖണ്ഡികകൾ 3-1, 3-2 കാണുക.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 130 | 3,60,66,446 | 107 | 2,12,48,054 | 05 | 23 | 78.46% |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകൾ

1.പൈപ്പ് കമ്പോസ്റ്റ്

2.വീടിന് സ്ഥലം വാങ്ങൽ –എസ്.സി.പി

3.ഭവന നിർമ്മാണം-എസ്.സി.പി

അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിയിൽ 2015-16 വർഷം പഞ്ചായത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ വിവിധ പ്രൊജക്റ്റുകൾക്കായി മൊത്തം വകയിരുത്തിയ തുകയുടെ 58.91% തുക മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. വകയിരുത്തിയ തനത് ഫണ്ടിന്റെ വെറും 20.70% തുക മാത്രമാണ് ചെലവഴിച്ചത്.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു. കൃഷി ഓഫീസർ, വി.ഇ.ഒ, അസി.എഞ്ചിനിയർ എന്നിവർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ വിനിയോഗം താരതമ്യേന കുറവാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 13 | 38,34,046 | 29,77,484 | 77.66 |
| കൃഷി ഓഫീസർ | 05 | 05 | 5,17,753 | 2,41,751 | 46.69 |
| വെറ്റിനറി സർജൻ | 04 | 04 | 5,53,296 | 5,07,135 | 91.66 |
| വി.ഇ.ഒ | 15 | 09 | 34,24,500 | 16,46,909 | 48.09 |
| അസി.എഞ്ചിനിയർ | 77 | 64 | 2,47,00,259 | 1,34,23,676 | 54.35 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04 | 04 | 18,97,706 | 14,27,098 | 75.20 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 2 | 2 | 5,00,000 | 5,00,000 | 100 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 2 | 2 | 3,77,886 | 2,63,791 | 69.81 |
| അസി.സെക്രട്ടറി | 4 | 4 | 2,61,000 | 2,60,210 | 99.70 |

## 1-7 ഗ്രാമസഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3) പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. പഞ്ചായത്തിലെ 13 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ രണ്ട് തവണമാത്രമേ ഗ്രാമ സഭകൾ ചേർന്നിട്ടുള്ളൂ. ചേരുന്ന ഗ്രാമസഭകളിൽ എടുക്കുന്ന തീരുമാനങ്ങൾ മിനട്സിൽ വിശദമായി രേഖപ്പെടുത്തുന്നില്ല. ജൂൺമാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിലെ അജണ്ടയായി സാമൂഹ്യസുരക്ഷ പെൻഷനുകൾ അംഗീകരിക്കുന്നത് ഉൾപ്പെടുത്തിയിരുന്നെങ്കിലും

ഇതുസംബന്ധിച്ച പരാമർശങ്ങളൊന്നും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമസഭയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ മിനുട്സിൽ ചേർക്കുന്നില്ല. ഗ്രാമസഭകളിൽ വേണ്ടത്ര ജനപങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല എന്നതും പോരായ്മയാണ്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടത അനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽവ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ 2004-05 വർഷം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അക്കൌണ്ട് നിഷ്ക്രിയാവസ്ഥയിലാണ്. 2006-07 ലാണ് അക്കൌണ്ടിൽ അവസാനമായി തുക നിക്ഷേപിക്കപ്പെട്ടത്. പിന്നീട് പലിശ വരമല്ലാതെ മറ്റ് ധനസമാഹരണം ഒന്നും ഉണ്ടായിട്ടില്ല.23.03.2016തീയ്യതിയിൽ ആകെ 1663/-രൂപ മാത്രമാണ് അക്കൌണ്ടിൽ നീക്കിയിരിപ്പുള്ളത്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 മോണിറ്ററിംഗ്

വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2015-16 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തന പരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റരീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ

പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2014-15 | വർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 27,26,721 | 23,57,962 | 3,68,759 | (-)13.52 |
| നികുതിയേതര വരവുകൾ | 7,56,299 | 11,55,398 | 3,99,099 | (+)34.54 |
| മറ്റുവരവുകൾ | ഇല്ല | ഇല്ല | ഇല്ല | - |
| ആകെ | 34,83,020 | 35,13,360 | 30,340 | (+)0.86 |

മുൻവർഷത്തെ അപേക്ഷിച്ച് തനതു നികുതി വരവുകളിൽവന്ന കുറവ് ഗൗരവപൂർവ്വം പരിശോധിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,04,250 | 42 |
| കർഷകതൊഴിലാളി വേതനം | 9,99,870 | 110 |
| വിധവാപെൻഷൻ | 55,11,240 | 521 |
| വാർദ്ധക്യകാലപെൻഷൻ | 50,75,570 | 563 |
| വികലാംഗപെൻഷൻ | 18,10,715 | 157 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 33,600 | 3 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4,880/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരഭരണനിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. ജീവനക്കാരുടെ യോഗം വിളിച്ച് ചേർന്നിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നന്നില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.12.2016 | 01.08.2016 മുതൽ 30.11.2016വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.08.2003 മുതൽ 28.08.2003 വരെ | 1997-98 മുതൽ 2002-03 വരെ | 27.11.2003 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി - കുടിശ്ശിക 15.3 ലക്ഷം രൂപ - പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്

2015-16 വർഷത്തിൽ വസ്തുനികുതി പിരിച്ചെടുത്തത് 2014-15 വർഷത്തെ അപേക്ഷിച്ച് വളരെ കുറവാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ഡിമാൻഡ് | പിരിച്ചെടുത്തത് | ശതമാനം | ബാക്കി | ശതമാനം |
|---|---|---|---|---|---|
| 2014-15 ലെ തൻവർഷം | 16,73,095 | 11,19,268 | 66.9 | 5,53,827 | 33.1 |
| 2015-16 ലെ | 15,73,252 | 7,32,486 | 46.6 | 8,40,766 | 53.4 |

| | | | | | |
|---|---|---|---|---|---|
| തൻവർഷം | | | | | |
| 2015-16 ലെ കുടിശ്ശിക | 9,83,403 | 2,94,246 | 29.9 | 6,89,157 | 70.1 |

2015-16 ൽ തൻ വർഷത്തെ പിരിച്ചെടുക്കാത്ത 8,40,766 രൂപയും (53.4%) കുടിശ്ശിക 6,89,157 രൂപയും (70.1%) ചേർന്ന് ആകെ 15,29,923 രൂപ 2016-17 ലേക്ക് കുടിശ്ശികയായി വന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാനമായ വസ്തു നികുതിയിൽ ഭീമമായ കുടിശ്ശിക വരുന്നത് വളരെ ഗൌരവപൂർവ്വം പരിശോധിക്കേണ്ടതായുണ്ട്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

2015-16 ൽ വസ്തു നികുതി ഇനത്തിൽ ആകെ ലഭിച്ച 10,26,732 രൂപയിൽ പഞ്ചായത്ത് അധികൃതർ നേരിട്ട് പിരിച്ചെടുത്തത് 2,02,319 രൂപ(19.7%) യാണ്. 14.1.2011 ലെ സ.ഉ.(അ) 20/2011 നമ്പറായി കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം വാർഷിക നികുതി 2 തുല്യ അർദ്ധവർഷ ഗഡുക്കളായി ഒടുക്കാമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇതു പ്രകാരം പഞ്ചായത്തിന് നികുതി പിരിവ് ഒന്നാം അർദ്ധവർഷത്തിൽ തന്നെ ആരംഭിക്കാമെന്നിരിക്കെ 2016 മാർച്ച് മാസത്തിൽ മാത്രമാണ് നികുതി പിരിവ് പഞ്ചായത്ത് അധികൃതർ നേരിട്ട് ആരംഭിച്ചത്. 2014-15 ൽ 69.9% മാത്രം നികുതി പിരിച്ചെടുക്കാൻ സാധിച്ച സാഹചര്യത്തിൽ 2015-16 ൽ നികുതി പിരിക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരുന്നു. ഊർജ്ജിത നികുതി പിരിവ് സമാഹരണം നടത്തുന്നതിന് നികുതി പിരിവ് ക്യാമ്പ് ഒരിക്കൽ പോലും നടത്തിയില്ലയെന്നത് വലിയ വീഴ്ചയാണ്. പ്രത്യേകിച്ചും തനത് വരുമാനം വളരെകുറഞ്ഞ ഗ്രാമപഞ്ചായത്തിന്റെ നികുതികൾ പരമാവധി പിരിച്ചെടുക്കുന്നതിന് ഉത്തരവാദപ്പെട്ടവർ വേണ്ടത്ര പ്രാധാന്യം കൊടുത്തില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. വസ്തുനികുതി ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

14.1.2011 ലെ സ.ഉ.(അ) 20/2011 നമ്പറായി കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 13 ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വസ്തുനികുതി ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി പിരിവ് ഊർജിതമാക്കുന്നതിന് വസ്തുനികുതി ഡിമാൻഡ്, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

## 2-2 തൊഴിൽ നികുതി - വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് നോട്ടീസ് നൽകി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 205(ബി) വകുപ്പ് പ്രകാരം വാണിജ്യാവശ്യത്തിനായി നികുതി നിർണയിച്ച കെട്ടിടങ്ങളുടെ ഉടമസ്ഥരോട് അത്തരം കെട്ടിടങ്ങളും മുറികളും കൈവശം വച്ചിരിക്കുന്ന വ്യക്തികളുടെ വിവരവും, അയാൾ വാടക നൽകുന്നുണ്ടെങ്കിൽ അതു സംബന്ധിച്ചും, തൊഴിലിനെക്കുറിച്ചും കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരോട് മേൽ പറഞ്ഞതു പ്രകാരമുള്ള നോട്ടീസ് നൽകി അതുപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## 2-3 ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ

2015-16 വർഷത്തിൽ ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട ചുവടെ കാണിച്ച അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

1. റേഷൻകടകൾ ഡി & ഓ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ഡി & ഓ ലൈസൻസ് നല്കൽ ചട്ടങ്ങൾ ചട്ടം 3 ന്റെ പട്ടികയിലെ ക്രമ നം. 149 ആയ റീട്ടെയിൽ റേഷൻ ഡിപ്പോകൾ ലൈസൻസോടെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ ഡി & ഓ രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 6 റേഷൻകടകളും 2015-16 വർഷത്തിൽ ഡി & ഓ ലൈസൻസ് എടുക്കാത്തതായി കാണുന്നു. ലൈസൻസില്ലാത്ത പ്രവർത്തനം ഡി & ഓ ചട്ടങ്ങളുടെ ലംഘനവും പിഴ ശിക്ഷാർഹവുമായ കുറ്റമാണ്.(1996 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 255 കാണുക).

2. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് - 550 രൂപ ഈടാക്കേണ്ടതാണ്.

അപേക്ഷയിൽ കാണിച്ച പ്രതിദിന വരുമാനത്തിന്റെ അടിസ്ഥാനത്തിൻ ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം | പേര് | ഡി & ഓ രജിസ്റ്ററിലെ നമ്പർ | ദിവസ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് | രശീതി നമ്പർ, തീയതി |
|---|---|---|---|---|---|---|---|
| 1 | മാവേലി സ്റ്റോർ | 3 | 25,000 | 500 | 200 | 300 | 11603102601/ 17.12.16 |
| 2 | കെ. ടി. ഷൈജു (കല്യാൺ ജ്വല്ലേഴ്സ്) | 6 | 50,000 | 1,000 | 500 | 500 | |
| 3 | സി കമാൽ കുട്ടി (പി.എസ്. ഗ്രാനൈറ്റ്) | 8 | 10,000 48HP | 200+500 | 500 | 200 | 11603102577/ 15.12.16 |
| 4 | കെ മദൻരാജ് | 33 | 10,000 | 200 | 100 | 100 | 11603102575/ 15.12.16 |
| 5 | മുഹമ്മദ് അഷ്റഫ് | 158 | 3,000 | 100 | 50 | 50 | |
| 6 | എ.സി ഫൈസൽ | 164 | 6000 | 200 | 100 | 100 | 11603102576/ 15.12.16 |
| | ആകെ | | | | | 1,250 | |

പ്രതിദിന വരുമാനത്തിന്റെ അടിസ്ഥാനത്തിൻ ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ 1,250 രൂപയുടെ കുറവ് വന്നിട്ടുണ്ട്. കുറവ് വന്നതിൽ 700 രൂപ ഓഡിറ്റ് അന്വേഷണത്തെ(നം.4/9.12.16) തുടർന്ന് ഈടാക്കിയിട്ടുണ്ട്. ഈടാക്കാൻ ബാക്കിയുള്ള 550 രൂപ ക്രമ നം 2, 5 എന്നിവരിൽ നിന്ന് ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. അപേക്ഷകളിൽ അന്വേഷണം നടത്താതെ ലൈസൻസ് നൽകുന്നു.

2015-16 ൽ ആകെ 286 അപേക്ഷകളാണ് ലഭിച്ചിരുന്നത്. എന്നാൽതിൽ 189 അപേക്ഷകളിൽ മാത്രമാണ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ബാക്കി 97 അപേക്ഷകളിലും അന്വേഷണം നടത്താതെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഭാവിയിൽ ലൈസൻസിനായി ലഭിക്കുന്ന മുഴുവൻ അപേക്ഷകളിലും ബന്ധപ്പെട്ട ക്ലർക്ക് അന്വേഷണം നടത്തിയതിനുശേഷം മാത്രമേ ലൈസൻസ് അനുവദിക്കാവൂ.

4. മിക്ക അപേക്ഷകളും അപൂർണമാണ്.

ലൈസൻസ് പുതുക്കാനും പുതിയ ലൈസൻസിനുള്ളതുമായി 2015-16 ൽ ലഭിച്ച മിക്ക അപേക്ഷകളിലും പ്രതിദിന വിറ്റുവരവ്, അപേക്ഷാ തീയതി, കച്ചവടം നടത്തുന്ന കെട്ടിടത്തിന്റെ വിശദവിവരം മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | രജിസ്റ്ററിലെ നമ്പർ | അപേക്ഷയിൽ ഇല്ലാത്ത വിവരം |
|---|---|---|---|
| 1 | സി.കെ അബ്ദുൾ റഹ്മാൻ | 240 | അപേക്ഷ ശൂന്യം-പേര്, ഒപ്പ് എന്നിവ പോലും ഇല്ല |
| 2 | അബ്ദുൾ റഷീദ് പി | 279 | അപേക്ഷകന്റെ വിലാസം, കെട്ടിടം, കച്ചവടം എന്നിവ സംബന്ധിച്ച വിവരം ഇല്ല |
| 3 | ഫൈസൽ എ.പി | 282 | അപേക്ഷകന്റെ വിലാസം, കെട്ടിട നമ്പർ എന്നിവ ഇല്ല |
| 4 | കെ. പി മർസൂഖ് | 283 | കെട്ടിടം സംബന്ധിച്ച വിവരം ഇല്ല |
| 5 | കായക്കുൽ സിദ്ദിഖ് | 285 | കെട്ടിടം സംബന്ധിച്ച വിവരം ഇല്ല |
| 6 | രമേശൻ ടി.വി | 286 | കെട്ടിടം സംബന്ധിച്ച വിവരം ഇല്ല |
| 7 | ബീപാത്തു വി.വി | 284 | പേര് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. |
| 8 | ചിറമ്മൽ രാജീവൻ | 109 | പേര്, വിലാസം എന്നിവ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. |

അപേക്ഷകളിൽ അത്യാവശ്യം വേണ്ടുന്ന വിവരങ്ങൾ ഇല്ലാതെയും അന്വേഷണം നടത്താതെയും ലൈസൻസ് അനുവദിക്കുന്നത് ശരിയായ നടപടിയല്ല. ഇത് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളെ ഗ്രാമപഞ്ചായത്ത് ലഘുവായി കാണുന്നു എന്നാണ് സൂചിപ്പിക്കുന്നത്. പൊതുജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി ലൈസൻസ് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയ ഒരു ട്രേഡേഴ്സ് ലിസ്റ്റ് ഇതുവരെ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2015-16 ൽ നടപടികൾ സ്വീകരിക്കുന്നതിനായി പരിശോധനകൾ നടത്തിയിട്ടുമില്ല. ഇത്തരത്തിലുള്ള ഒരു ലിസ്റ്റ് തയ്യാറാക്കുകയും വർഷാവർഷം പരിശോധന നടത്തി ലിസ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. ഡി & ഓ ലൈസൻസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടുന്ന വരുമാനത്തിൽ കുറവ് വരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പാരാമെഡിക്കൽ രജിസ്ട്രേഷൻ - അപാകങ്ങൾ

സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷത്തിൽ 4 സ്ഥാപനങ്ങൾ മാത്രമേ 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ നടത്തിയതായി കാണുന്നുള്ളൂ. ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നതും പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്താത്തതുമായ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

i) പ്രശാന്തി ക്ലിനിക്

ii) എസ്. ആർ ഹോസ്പിറ്റൽ

iii) യൂനിറ്റി ഹോസ്പിറ്റൽ

iv) അൽ-ശിഫ ഡന്റൽ ക്ലിനിക്

ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 കെട്ടിട നിർമാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - 470 രൂപ ഈടാക്കേണ്ടതാണ്

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമാണത്തിന് പെർമിറ്റ് ഫീസും ക്രമവൽക്കരണഫീസും ഈടാക്കിയതിൽ ചുവടെ കാണിച്ച കുറവ് വന്നിട്ടുണ്ട്.

1. പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

| ക്രമ | അപേക്ഷ | പേര് | തരം | വിസ്തീർണം | ഈടാക്കിയ | ഈടാക്കേണ്ട | നഷ്ടം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| നം | നം. | | | | തുക | തുക | |
| 1 | 740/16 20.2.16 | ചെറിയ വളപ്പിന്റകത്ത് കരോത്ത് നസൈബ | വാസഗൃഹം | 282.56 | 721 | 848 | 127 |
| 2 | 4333/15 16.11.15 | കിഴക്കേ വീട്ടിൽ നമ്പി | വാണിജ്യം | 638.17 | 3150 | 3191 | 41 |
| 3 | 253/16 19.1.16 | കൌപ്പട്ടിൽ പുതിയ പുരയിൽ അഷ്റഫ് | വാസഗൃഹം | 179.22 | 420 | 538 | 118 |
| | ആകെ | | | | | | 286 |

2. പെർമിറ്റ് ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

| ക്രമ നം | അപേക്ഷ നം. | പേര് | തരം | വിസ്തീർണം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 4370/15 26.11.15 | പ്രസി. ഇരിക്കൂർ റഹ്മാനിയ ദർസ് മാനേജിംഗ് കമ്മിറ്റി | ലൈബ്രറി | 92.84 | 744 | 928 | 184 |

പെർമിറ്റ് ഫീസും ക്രമവൽക്കരണ ഫീസും ഈടാക്കിയതി വകയിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന 470(286+184) രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നില്ല

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുമരിൻമേലോ പരസ്യപ്പലകയിൻമേലോ എടുപ്പിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം പരസ്യ നികുതിയിനത്തിൽ വരവില്ല. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിൻമേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഈടാക്കുന്ന കാര്യത്തിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-7 സേവന നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 200, 14.1.2011 ലെ സ.ഉ.(അ) 20/2011 നമ്പറായി പുറപ്പെടുവിച്ച കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടങ്ങൾ 26, 27 എന്നിവ പ്രകാരം സേവനനികുതി ചുമത്താവുന്നതാണ്. 2015-16 ൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് 2,84,544 രൂപയും കുടിവെള്ള വിതരണത്തിന് (ജലനിധിക്ക് നൽകിയത്) 15,65,541 രൂപയും ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ഇവയ്ക്ക് ചട്ട പ്രകാരമുള്ള സേവനനികുതി ചുമത്തി തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിച്ചില്ല - പാഴായ പദ്ധതിപ്പണം 42.16ലക്ഷം രൂപ

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015 എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൌണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന നിലവിലെ സമ്പ്രദായം നിർത്തൽചെയ്തു. തുടർന്ന് സഞ്ചിതനിധിയിൽ നിന്നും പണം നേരിട്ട് ബിൽ മുഖേന പിൻവലിച്ച് ചെലവഴിക്കുന്ന രീതി നിലവിൽവന്നു. പബ്ലിക് അക്കൌണ്ടുകൾ നിർത്തൽചെയ്തതോടെ വി.പി.എഫ്.എ II,III,IV,Vഅക്കൌണ്ടുകൾ ഇല്ലാതായി. ജി.ഒ(പി)419/15 ഫിൻ തീ. 19.09.2015 ഉത്തരവ് പ്രകാരം ട്രഷറി അക്കൌണ്ടുകളിലെ അവശേഷിക്കുന്ന തുകകൾ ചെലവഴിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ട്രഷറി അക്കൌണ്ടുകൾ നിർത്തൽ ചെയ്തതോടെ വികസനഫണ്ട്, എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ, പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം, മെയിന്റനൻസ് ഫണ്ടുകൾ എന്നിവയിൽ അനുവദിക്കുന്ന അലോട്ട്മെന്റുകൾ അക്കൌണ്ടുകളിൽ വരവായെടുക്കാത്ത സ്ഥിതി വന്നു. ബിൽ മുഖേന പിൻവലിക്കുന്ന തുകകൾ വരവായും ചെലവായും അക്കൌണ്ടിൽ രേഖപ്പെടുത്തുന്നതിനാൽ ഫണ്ടുകളുടെ യഥാർത്ഥ വിനിയോഗം അക്കൌണ്ടുകളിലൂടെ ലഭ്യമല്ല. ധനകാര്യകമ്മീഷന് സമർപ്പിക്കുന്ന കണക്ക് പ്രകാരം പഞ്ചായത്തിലെ എ,ബി,സി ഫണ്ടുകളുടെ വിനിയോഗം 100% ആണ്. എന്നാൽ യഥാർത്ഥത്തിൽ ഫണ്ടുകളുടെ വിനിയോഗം ഇതല്ല.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷക്കണക്കിന് രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ബാക്കിയായ തുക |
|---|---|
| വികസനഫണ്ട് (സാധാരണ വിഹിതം) | 26,28,936 |
| വികസനഫണ്ട് (എസ്.സി.പി) | 1,16,202 |
| പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3,01,767 |
| ലോകബാങ്ക് ധനസഹായം | 1,31,823 |

| | |
|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 2,49,753 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 7,87,543 |
| ആകെ | 42,16,024 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയായ തുക ഇതുവരെയായി സർക്കാർ തിരിച്ച് നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി പഞ്ചായത്തിന് ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. ഫണ്ടുകൾ 31.03.2016 നകം ചെലവഴിക്കണം എന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്. ആത്മപരിശോധനക്കായി ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-2 ഫണ്ടുകൾ യഥാസമയം ചെലവഴിച്ചില്ല - പഞ്ചായത്തിന്റെ ബാദ്ധ്യത 26.63 ലക്ഷം രൂപ

വിവിധ ജനക്ഷേമപദ്ധതികൾക്കായി സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും പല വർഷങ്ങളിലായി ലഭിച്ച ഫണ്ടുകൾ ഗ്രാമപഞ്ചായത്ത് യഥാസമയം ചെലവഴിക്കുകയുണ്ടായില്ല. വർഷങ്ങൾക്ക് മുന്നെ ലഭിച്ച സർക്കാർ ധനസഹായങ്ങൾ ചെലവഴിക്കപ്പെടാതെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുയാണ്. കണക്കുകൾ പരിശോധനക്ക് വിധേയമാക്കിയപ്പോൾ 2015-16 വർഷാവസാനം പഞ്ചായത്തിന് ഇപ്രകാരം ചെലവഴിക്കാൻ ബാദ്ധ്യതയായുള്ള തുക 26,62,538/- രൂപയാണ്. സമയബന്ധിതമായി ചെലവഴിക്കേണ്ട തുക ചെലവഴിക്കപ്പെടാതെ ബാക്കിയായത് പദ്ധതി ആസൂത്രണത്തിൽ സംഭവിച്ച പിഴവായി കാണുന്നു. പഞ്ചായത്തിന് ബാദ്ധ്യതയായിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | എം.എൻ.ലക്ഷം വീട് പുനരുദ്ധാരണം,<br>എം.എൻ.ലക്ഷം വീട് അറ്റകുറ്റപ്പണി. | 14,48,940 |
| 2 | ആശ്രയ പദ്ധതി രണ്ടാംഘട്ടം | 88,940 |
| 3 | ഭവനനിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം | 9,98,300 |
| 4 | പൂരകപോഷകാഹാരം കേന്ദ്രവിഹിതം | 96,717 |
| 5 | ഗുണഭോക്തൃ വിഹിതം | 29,641 |

| | | |
|---|---|---|
| | ആകെ | 26,62,538 |

ചെലവഴിക്കുവാൻ പഞ്ചായത്തിന് ബാദ്ധ്യതയായിട്ടുള്ള തുകകൾ എത്രയും വേഗം സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 കെ.എസ്.ഇ.ബി.ക്ക് നൽകിയ 30,780 രൂപ - വിശദവിവരങ്ങളും പൂർത്തീകരണ റിപ്പോർട്ടും ഇല്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ കേടായ സി.എഫ്.എൽ വിളക്കുകൾ മാറ്റി പുതിയ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന് 30,780 രൂപ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, ഇരിക്കൂറിൽ ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്.(വൗച്ചർ നം.21500388/15-10-2015). കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, ഇരിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12-10-2015 ലെ TS/Streetlight/TKR/AS 19/2015-16 പ്രകാരമുള്ള ഉത്തരവ് അനുസരിച്ചാണ് തുക ഒടുക്കിയിട്ടുള്ളത്. എത്ര എൽ.ഇ.ഡി വിളക്കുകളാണ് സ്ഥാപിക്കുന്നത് എന്നതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം.7/16 14-12-16 പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.7/16 തീ.14-12-16)ക്ക് ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. മേൽ അപാകങ്ങളാൽ ചെലവുതുകയായ 30,780 രൂപ തടസ്സപ്പെടുത്തുന്നു

## 3-4 തെരുവ് വിളക്കുകൾക്ക് വാർഷിക അറ്റകുറ്റപ്പണികൾ

2015-16 വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് നടപ്പിലാക്കിയ പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ അംഗീകാരം നേടാതെ മുൻവർഷത്തെ ചെലവുതുക നൽകിയത് ശരിയല്ല

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് AMC നൽകുന്നതിനായുള്ള പ്രൊജക്ടിനായി തൻവർഷം 52,400 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവഴിച്ച തുക (₹) | വൗച്ചർ നം /തീ | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| SO119/16 | 3,20,375 (തനത്ഫണ്ട്) | 52,400 | 21500513/ 15-12-2015 | വി.വി. സനോഷ്, ഇലക്ട്രിക്കൽ കോൺട്രാക്ടർ |

ഈ പ്രൊജക്ടിന്റെ നിർവഹണത്തിനായി ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ ഷീറ്റ്, ടെണ്ടർ ഉടമ്പടി എന്നിവ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീ. 9-12-2016) 2014-15 വർഷത്തിൽ 1,50,000രൂപ അടങ്കൽ നിശ്ചയിച്ച പ്രൊജക്ടിനായി 1,49,575രൂപ ചെലവഴിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി റിവൈസ് ചെയ്യാൻ സാധിക്കാതിരുന്നതിനാൽ കരാർ കാലാവധിയായ ജൂലൈ 2015 വരെയുള്ള കരാർ പ്രവൃത്തിയുടെ തുകയായ 52,400 രൂപയാണ് ഈ പ്രോജക്ടിലൂടെ നൽകിയതെന്നും ഈ പദ്ധതിയിൽ നിന്നും മറ്റുചെലവുകളൊന്നും ഈ വർഷം ഉണ്ടായിട്ടില്ലെന്നുമാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. 2014-15 വർഷത്തിലെ പ്രവൃത്തി നടത്തിയതിന്റെ തുക നല്കാൻ ബാക്കി ഉണ്ടായിരുന്നെങ്കിൽ ജി.ഒ.(എം.എസ്.) 362/2013 ത.സ്വ.ഭ.വ. തീ.16-11-2013 പ്രകാരമുള്ള 12-)ം പഞ്ചവത്സരപദ്ധതി മാർഗരേഖ അനുസരിച്ച്

അടങ്കൽ തുകയിൽ ഭേദഗതി വരുത്തി സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തുകയും ആ പ്രൊജക്ടിന് ഡി.പി.സി. അംഗീകാരം നേടുകയും ചെയ്യേണ്ടതായിരുന്നു. ഒറിജിനൽ പ്രൊജക്ട് സ്പിൽ ഓവർ പ്രൊജക്ടിനൊപ്പം പരിശോധനയ്ക്ക് സമർപ്പിക്കുകയും വേണം.എന്നാൽ സ്പിൽ ഓവർ പ്രൊജക്ടായല്ല, മറിച്ച് ഒരു പുതിയ പ്രൊജക്ടായാണ് ഇതിന് ഡി.പി.സി. അംഗീകാരം നേടിയിരിക്കുന്നത്. (ഡി.പി.സിനം. 600/2015/ DP/ DPO KNR 19-5-2015). പുതിയ പ്രൊജക്ടിന് അനുമതി വാങ്ങിയതിനു ശേഷം മുൻവർഷത്തെ ചെലവ് നിർവഹിക്കുന്നതിലെ ഗുരുതരമായ അപാകം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2.കരാറുകാരനിൽ നിന്നും 524രൂപ ആദായനികുതി ഈടാക്കേണ്ടതാണ്.

പ്രൊജക്ട് പ്രകാരം വി.വി. സനോഷ്, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് വൗച്ചർ നം 21500513/15-12-2015 അനുസരിച്ച് 52,400 രൂപ നൽകിയപ്പോൾ ബില്ലിൽ നിന്നും ആദായ നികുതി വകുപ്പ് സെക്ഷൻ 194 സി പ്രകാരം ഈടാക്കേണ്ടുന്ന 1% ആദായനികുതി ഈടാക്കിയിട്ടില്ല.ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. തീ. 9-12-2016 ) ആദായനികുതി ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 3-5 സേവാഗ്രാം കേന്ദ്രങ്ങൾ ശാക്തീകരിക്കേണ്ടതാണ്

ഗ്രാമസഭകൾക്ക് അതാത് വാർഡുകളിൽ ആസ്ഥാനമെന്ന നിലയിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള 12-ാം പഞ്ചവത്സരപദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ജി.ഒ.(എം.എസ്) 112/2014 ത.സ്വ.ഭ.വ. തീ. 25-8-2014 പ്രകാരം സേവാഗ്രാം കേന്ദ്രങ്ങൾക്കായുള്ള പ്രവർത്തനമാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളും 2015ജനുവരി 26നകം മുഴുവൻ വാർഡുക ളിലും സേവാഗ്രാം കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കേണ്ടതാണെന്ന് പ്രവർത്തന മാർഗരേഖയിലെ ഖണ്ഡിക 4ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള 13 വാർഡുകളിൽ 4-ാം വാർഡ് ഒഴികെയുള്ളവയിൽ സേവാഗ്രാം കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തുടങ്ങാത്ത വാർഡിലും സേവാഗ്രാം കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രവർത്തനമാർഗരേഖയിലെ ഖണ്ഡിക 5 പ്രകാരം വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള അംഗൻവാടി, ഫാമിലി സബ് സെന്റർ തുടങ്ങിയ കെട്ടിടങ്ങളാണ് സേവാഗ്രാം കേന്ദ്രങ്ങൾക്കുള്ള ഓഫീസുകൾക്കായി തെരഞ്ഞെടുക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളുടെ അഭാവത്തിൽ 25 ച.മീ. എങ്കിലും വിസ്തീർണ്ണമുള്ള വാടകക്കെട്ടിടങ്ങൾ ഇവയ്ക്കായി കണ്ടെത്തേണ്ടതാണ്. ആരംഭിച്ച സേവാഗ്രാം കേന്ദ്രങ്ങളിൽ 1, 3, 5, 6, 8, 12 എന്നീ വാർഡുകളിലുള്ളവ പ്രവർത്തിക്കുന്നത് അംഗൻവാടികളിലും 7, 13 വാർഡുകളിലുള്ളവ സ്വകാര്യകെട്ടിടത്തിലും 9-ാം വാർഡിലേത് ഇരിക്കൂറിലെ പഴയ പഞ്ചായത്ത് ഓഫീസിലും 2,10 വാർഡുകളിലുള്ളവ പെരുവളത്തുപറമ്പിലെ പഴയ പഞ്ചായത്ത് ഓഫീസിലും 11-ാം വാർഡിലേത് വായനശാലയിലും പ്രവർത്തിക്കുന്നതായി ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.6/2016 തീ. 14-12-2016) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലേയും സേവാഗ്രാം കേന്ദ്രങ്ങൾ പ്രവർത്തനമാർഗരേഖയിൽ നിർദ്ദേശിക്കുന്ന വിധത്തിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലോ അവ ലഭ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ 25 ച.മീ. എങ്കിലും വിസ്തീർണ്ണമുള്ള വാടകക്കെട്ടിടങ്ങളിലോ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അവയ്ക്ക് ഫർണിച്ചറുകൾ, സ്റ്റേഷനറി തുടങ്ങിയ അടിസ്ഥാനസൌകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സേവാഗ്രാം

കേന്ദ്രങ്ങൾക്ക് ഫർ ണിച്ചറുകൾ, സ്റ്റേഷനറി എന്നിവ നൽകുന്നതിന് തൻവർഷം പ്രോജക്ട് നമ്പർ 121/2016 പ്രകാരം 65,000 രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല

പ്രവർത്തനമാർഗരേഖയിലെ ഖണ്ഡിക 6 പ്രകാരം എല്ലാ വാർഡുകളിലും വാർഡ് വികസന സമിതികൾ രൂപീകരിക്കേണ്ടതും ഖണ്ഡിക 6.1.3 പ്രകാരമുള്ള യോഗനടപടികളുടെ മിനിറ്റ്സ് സൂക്ഷിക്കേണ്ടതുമാണ്. ഇതുവരെ കേവലം ഒരു യോഗം നടന്നതിന്റെ വിവരം മാത്രമാണ് പഞ്ചായത്തിലെ ലഭ്യമാക്കിയ 7, 9 വാർഡുകളിലെ വികസനസമിതികളുടെ യോഗനടപടികളുടെ മിനിറ്റ്സ് പരിശോധനയിൽ കണ്ടത്. അജണ്ടയോ യോഗതീരുമാനങ്ങളോ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഗ്രാമസഭയുടെ ആസ്ഥാനമെന്ന നിലയിൽ ഗ്രാമസഭാ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ-വികസന-ക്ഷേമ-സേവന- സാംസ്കാരിക-സാമൂഹ്യപ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ക്രോഡീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ-സേവന കേന്ദ്രമായി ഗ്രാമകേന്ദ്രങ്ങളെ മാറ്റേണ്ടതാണ്.

## 3-6 ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതി - ഭവന നിർമാണം പൂർത്തീകരിച്ചില്ല

ഇ.എം.എസ് സമ്പൂർണ ഭവനപദ്ധതിയുടെ ഭാഗമായി 2009-10, 2010-11 വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് ഭവനനിർമ്മാണമാരംഭിച്ച ചുവടെ കാണിച്ച ഗുണഭോക്താക്കൾ ഓഡിറ്റ് തീയതിവരേയും ഭവന നിർമാണം പൂർത്തിയാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ – വി. ഇ. ഓ

| ക്രമ നം | പേര് | എഗ്രിമെന്റ് തീയതി | അവസാന ഗഡു കൈപ്പറ്റിയ തീയതി | ആകെ നൽകിയ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | നാണി കെ.സി, കൊളച്ചേരി ചിറമ്മൽ | 21.01.10 | 21/05/10 | 65,000 | 10,000 |
| 2 | എ. പി. അസ്മ, എ. പി. ഹൌസ് | 11.01.10 | 17/12/10 | 65,000 | 10,000 |
| 3 | വാഴയിൽ രാജൻ, കുട്ടാവ് | 16.02.10 | 03/03/11 | 15,000 | 60,000 |
| 4 | ടി. കാർത്ത്യായനി, താഴപ്പുര, കുളിഞ്ഞ | 26.12.09 | 13/07/11 | 65,000 | 10,000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വാഴയിൽ രാജൻ, എ. പി. അസ്മ എന്നീ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക തിരിച്ചടക്കാൻ തയ്യാറാണെന്നറിയിച്ചതായി മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമാണം പൂർത്തീകരിക്കാത്ത മുകളിൽ കാണിച്ച ഗുണഭോക്താക്കളിൽ നിന്നും നാളിതുവരെ നൽകിയ ധനസഹായം തിരിച്ച് പിടിക്കുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഗുണഭോക്താക്കൾക്ക് സബ്സിഡി - മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

നിർവ്വഹണോദ്യാഗസ്ഥൻ : കൃഷി ഓഫീസർ

ജി.ഒ.(എം.എസ്) 362/2013 ത.സ്വ.ഭ.വ തീ.16-11-2013 പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള 12-)ം പഞ്ചവത്സരപദ്ധതി മാർഗരേഖ അനുസരിച്ച് പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് വിവിധ കാർഷികോപകരണങ്ങൾക്ക് 50% നിരക്കിൽ ഒരു കുടുംബത്തിന് ആകെ 5,000 രൂപ സബ്സിഡി അനുവദിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കാർഷികോപകരണങ്ങൾക്ക് സബ്സിഡി അനുവദിക്കാനായി പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം/വീട് നം | പ്രൊജക്ട് നം/പേര് | അനുവദിച്ച തുക (രൂപ) | കാർഷി കോപകരണ ങ്ങൾക്കായി ആകെ അനുവദിച്ച തുക(രൂപ) |
|---|---|---|---|---|---|
| 1 | വി.കെ. ഹരിദാസൻ, കുന്നമ്പ്രത്ത് ഹൗസ് | II/79 | 32/16 തെങ്ങ് കർഷകർക്ക് പമ്പ് സെറ്റ് വിതരണം | 4821 | 6071 |
| | | | 02/16തെങ്ങ് കർഷകർക്ക് തെങ്ങ് കയറ്റയന്ത്രം | 1250 | |
| 2 | ഗോവിന്ദൻ ആർപ്പാത്ത്, കുട്ടാവ് | XII/54 | 32/16 തെങ്ങ് കർഷകർക്ക് പമ്പ് സെറ്റ് വിതരണം | 5000 | 6250 |
| | | | 02/16തെങ്ങ് കർഷകർക്ക് തെങ്ങ് കയറ്റയന്ത്രം | 1250 | |

ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.9/2016 തീ.14-12-2016) അർഹതയ്ക്കനുസൃതമായി ഒരു കാർഷികോപകരണത്തിന് പരമാവധി 5,000 രൂപ സബ്സിഡി അനുവദിക്കാം എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് പമ്പ് സെറ്റിനും തെങ്ങ് കയറ്റയന്ത്രത്തിനും വെവ്വേറെ പദ്ധതികൾ തയ്യാറാക്കി സബ്സിഡി അനുവദിച്ചിട്ടുള്ളതെന്നാണ് കൃഷിഓഫീസർ മറുപടി നൽകിയിട്ടുള്ളത്. അപാകം ആവർത്തിക്കാതിരിക്കേണ്ടതും മാർഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 3-8 <u>പ്രവൃത്തിപൂർത്തിയാക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കാത്തത് മരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധം</u>

നിർവഹണം – അസി. എഞ്ചിനീയർ

2015-16 ൽ നടപ്പിലാക്കിയ താഴെപറയുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽനിന്നും നിശ്ചിത

സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ട നിയമാനുസൃതമായ പിഴ ഈടാക്കിക്കാണുന്നില്ല. ടെണ്ടർ ഷെഡ്യൂളിലോ, കരാറിലോ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിപറഞ്ഞിട്ടില്ല. അതേസമയം ടെണ്ടർ പരസ്യത്തിൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 31.03.2015 ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കാത്തപക്ഷം 1% പിഴയോടെ 25%ദിവസവും, 2% പിഴയോടെ അടുത്ത 25% കൂടിയും മാത്രമെ ദീർഘീകരണത്തിന് ദിവസം അനുവദിക്കാവൂ. അകെ 50% ൽ കൂടുതൽ സമയം ദീർഘികരണം അനുവദിക്കാവുന്നതുമല്ല. പ്രവൃത്തി സമയപരിധിക്കകം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ദീർഘീകരണത്തിന് കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകുകയോ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ശരിയല്ല,. ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 50% ൽ കൂടുതൽ ദീർഘികരണം സംഭവിച്ചിട്ടുള്ളതിനാൽ പി.എ.സി തുകയുടെ 3%(1+2=3) പിഴ ഈടാക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

1)പ്രവൃത്തിയുടെ പേര്-ചില്ലിത്തോട് ചെറുവണ്ണി റോഡ് അഭിവൃദ്ധിപ്പെടുത്തൽ

പ്രൊജക്ട് നം-96/16

അടങ്കൽ-2,00,000/-

കരാറുകാരൻ-അഷ്റഫ് .വി.എം

കരാർ തീയ്യതി-14.11.2014

പി.എ.സി-192857/-

ബിൽ നം3/29.06.2015 /90,806/-രൂപ

പൂർത്തികരിച്ചതീയ്യതി -11.05.2015

ഈടാക്കേണ്ട പിഴ -5785/-രൂപ

2)പ്രവൃത്തിയുടെ പേര്-കോട്ടക്കുന്ന് ഫുട് പാത്ത് അറ്റകുറ്റപ്പണി

പ്രൊജക്ട് നം-103/16

അടങ്കൽ-2,00,000/-

കരാറുകാരൻ-അഷ്റഫ് .വി.എം

കരാർ തീയ്യതി-14.11.2014

പി.എ.സി-199749/-

ബിൽ നം4/29.06.2015 /83,280/-രൂപ

പൂർത്തികരിച്ചതീയ്യതി -11.05.2015.

ഈടാക്കേണ്ട പിഴ -5992/-രൂപ

3)പ്രവൃത്തിയുടെ പേര്-പോക്കുഞ്ഞിഹാജി ഫുട്പാത്ത് അറ്റകുറ്റപ്പണി

പ്രൊജക്ട് നം-101/16

അടങ്കൽ-70,000/-

കരാറുകാരൻ-അഷ്‌റഫ് .വി.എം

കരാർ തീയ്യതി-14.11.2014

പി.എ.സി-69749/-

സ്ഥലം കൈമാറിയ തീയ്യതി-14.11.2014

ബിൽ നം5/29.06.2015 /63,238/-രൂപ

പൂർത്തികരിച്ചതീയ്യതി -11.05.2015.

ഈടാക്കേണ്ട പിഴ -2092/-രൂപ

4)പ്രവൃത്തിയുടെ പേര്-പട്ടീൽ സി.സി റോഡ് അഭിവൃദ്ധിപ്പെടുത്തൽ

പ്രൊജക്റ്റ് നം-98/16

അടങ്കൽ-2,80,000/-

കരാറുകാരൻ-കെ.വി.മോഹൻദാസ്

കരാർ തീയ്യതി-14.11.2014

പി.എ.സി-279884/-

സ്ഥലം കൈമാറിയ തീയ്യതി-25.11.2014

ബിൽ നം7/29.06.2015 /111726/-രൂപ

പൂർത്തികരിച്ചതീയ്യതി -06.05.2015.

ഈടാക്കേണ്ട പിഴ -8397/-രൂപ

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 8) ലഭ്യമാക്കിയ മറുപടിയിൽ ഈടാക്കാൻ വിട്ടുപോയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകെ 22,266/-രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു. പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് വന്ന അധിക ചെലവ് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 ക്ഷേമനിധി വിഹിതം ഒടുക്കിയത് - രേഖകൾ ലഭ്യമാക്കേണ്ടതാണ്

2015-16 വർഷം അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെ 64 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ ബില്ലിൽനിന്നും ഈടാക്കിയ ക്ഷേമനിധി വിഹിതം ഒടുക്കിയതിന്റെ വിവരം, കൈപ്പറ്റ് രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുഴുവൻ പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ക്ഷേമനിധി വിഹിതം ഒടുക്കിയ രേഖകൾ പട്ടികസഹിതം തയ്യാറാക്കി ഹാജരാക്കുവാൻ 13.12.2016 തീയ്യതിയിൽ ഓഡിറ്റ്എൻക്വയറിനം.10 മുഖേന ആവശ്യപ്പെട്ടെങ്കിലും ഈടാക്കിയ ക്ഷേമനിധി വിഹിതത്തിന്റെ പട്ടികമാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഒടുക്കിയ ക്ഷേമനിധിവിഹിതം കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് പുനർനിർണയിക്കേണ്ടതാണ്

പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജായി (കൺസ്യൂമർ നമ്പർ 8172) 23,710 രൂപയാണ് 16-8-2014ലെ വൈദ്യുതി ചാർജ് നിർണയത്തിനുശേഷം പ്രതിമാസം പഞ്ചായത്ത് ഒടുക്കിവരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| തെരുവുവിളക്കുകളുടെ ഇനം | വാട്ട് | എണ്ണം | നിരക്ക് | ആകെ നിരക്ക് (രൂപ) |
|---|---|---|---|---|
| MVL | 40 | 63 | 61 | 3,843 |
| FT | 80 | 61 | 124 | 7,564 |
| CFL | 22 | 181 | 14 | 2,534 |
| SVL | 250 | 23 | 414 | 9,522 |
| SVL | 150 | 1 | 247 | 247 |
| ആകെ | | 329 | | 23,710 |

2014-15 വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 85/15 'തെരുവുവിളക്കുകൾ വാങ്ങലും സ്ഥാപിക്കലും' എന്ന പ്രൊജക്ടിനായി 12W എൽ.ഇ.ഡി ലാമ്പുകൾ 30 എണ്ണം KREWS, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ നടപ്പിലാക്കിയപ്രൊജക്ട് നമ്പർ 118/16 മുഖേന പഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകളിൽ കേടായി നശിച്ചുപോയ ഫ്ലൂറസെന്റ് ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, സോഡിയം വേപ്പർ ലാമ്പുകൾ (ആകെ 115എണ്ണം) മാറ്റി സിങ്കിൾ ട്യൂബുകൾ (36W സി.എഫ്.എൽ) സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും പരിഗണിക്കാതെ പഞ്ചായത്തിൽ 16-8-2014ൽ നിശ്ചയിക്കപ്പെട്ട വൈദ്യുതി ചാർജ് നൽകി വരികയാണ് ചെയ്യുന്നത്. നിലവിലുള്ള തെരുവുവിളക്കുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് പുതുക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.7/16 14-12-2016 ന്) തെരുവുവിളക്കുകളുടെ എണ്ണം നിശ്ചയിക്കുവാൻ സംയുക്തപരിശോധനയ്ക്കായി 4-11-2014 ന് തന്നെ കെ.എസ്.ഇ.ബി.ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ആയതിന് വീണ്ടും അപേക്ഷ നല്കിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തെരുവുവിളക്കുകളുടെ എണ്ണം കൃത്യമായി നിശ്ചയിച്ച് ഉപയോഗിക്കുന്നവയ്ക്ക് തന്നെയാണ് വൈദ്യുതി ചാർജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-11 ക്ഷേമപെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

വിവിധയിനം ക്ഷേമപെൻഷനുകൾക്കായി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വന്നുകാണുന്നു.

(എ. ) കർഷകതൊഴിലാളി പെൻഷൻ

1998ലെ കേരള കർഷകതൊഴിലാളി പെൻഷൻ ചട്ടങ്ങളിലെ ചട്ടം7 (ബി)പ്രകാരം അപേക്ഷകളിൻമേൽ 45 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത് പാലിച്ചതായിക്കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | അപേക്ഷകന്റെ പേര് | അപേക്ഷ | തീരുമാനമെടുത്ത |
|---|---|---|---|

| നമ്പർ | | തീയതി | തീയതി |
|---|---|---|---|
| 1 | ലക്ഷ്മി.പി.വി., ലക്ഷ്മിപുരം,ചേടിച്ചേരി | 28-3-15 | 10-6-15 |
| 2 | കോറോത്ത് നാരായണി | 28-3-15 | 10-6-15 |

(ബി ) വികലാംഗ പെൻഷൻ

31.3.1998ലെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ജി.ഒ.(പി) 10/98 പ്രകാരം വികലാംഗ പെൻഷന്റെ അപേക്ഷകളിൻമേൽ 60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത് പാലിച്ചതായിക്കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ തീയതി | തീരുമാനമെടുത്ത തീയതി |
|---|---|---|---|
| 1 | ഫാത്തിമത്ത് സന | 12-5-15 | 5-8-15 |
| 2 | സെമീന.പി,കുറുമ്പത്ത് ഹൌസ്,കുട്ടാവ് | 23-7-15 | 30-9-15 |

ക്ഷേമപെൻഷനുകൾക്കായി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ചട്ടങ്ങളിൽ അനുശാസിക്കുന്ന കാലാവധിക്കുള്ളിൽ തീരുമാനമെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 87,600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 87,600 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഇരിക്കൂർ | 85,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 85,000 | 0 |

| | | | | |
|---|---|---|---|---|
| കേന്ദ്ര വിഹിതം | 1,60,350 | അങ്കണവാടി പോഷകാഹാരം | 1,60,350 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇ.എം.എസ്. ഭവന പദ്ധതിക്കായി 1,00,000/- രൂപയുടെ വായ്പക്ക് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 728/2010 /ത.സ്വ.ഭ.വ തീ 04.03.2010 | 1,00,000 | ഇല്ല | ഇല്ല | ഇല്ല | 64,697 | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,096 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-1 | 2,706 | ശ്രീ. വി.കെ. രാഘവൻ നായർ | 11503100599 15.06.2015 |
| 2006-07 | 3-1 | 1,030 | ശ്രീമതി. കെ. മഹിജ, അക്കൗണ്ടന്റ് | 11503100865 23.07.2015 |

| | | | | |
|---|---|---|---|---|
| 2006-07 | 3-3 | 360 | ശ്രീ. സി. ചന്ദ്രൻ നമ്പ്യാർ | 11503100946<br>06/08/2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-13 | 2011-12 | 2-7 | നിഷ്ക്രിയ ആസ്തിയായി മാറിയ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം | നിലവിൽ കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രത്തിലെ മുഴുവൻ മുറികളിലും കുടുംബശ്രീ സംരംഭങ്ങൾ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 4,38,19,027 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 5,08,35,944 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,020 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,780 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-3(a) | 550 | - | ശ്രീ. കെ. അബ്ദുൾ റഷീദ് ,സെക്രട്ടറി |
| 2-5 | 470 | - | ശ്രീ. കെ. അബ്ദുൾ റഷീദ് ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 30,780 | ശ്രീ. കെ. അബ്ദുൾ റഷീദ് ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 524 | ശ്രീ. കെ. അബ്ദുൾ റഷീദ് ,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. അബ്ദുൾ റഷീദ് , സെക്രട്ടറി | സെക്രട്ടറി, ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്. | കുട്ടക്കൻ ഹൌസ്, മന്ന, തളിപ്പറമ്പ് പി.ഒ, കണ്ണൂർ ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 | എൽ.എഫ്.കെ.എൻ.ആർ./സി9 /926 /2002<br>തീയതി.09.12.2002/ 03-12-2012 | 3 |
| 2000-01 | എൽ.എഫ്.കെ.എൻ.ആർ./ സി9 /1181 /2003<br>തീയതി 18-12-2003 | 1 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ./സി 08 /656 /2006<br>തീയതി 19-12-2006 | 3 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി 02 /2237 /2007<br>തീയതി.01.12.2008/ 03-01-2009 | 5 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./സി 02 /2341 /2007<br>തീയതി .17.09.2008/ 03-01-2009 | 6 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി02/958/2009<br>തീയതി 20-10-2010 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി02/956/2009<br>തീയതി 26-10-2010/06.12.2010 | 2 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി 03/358 /2011<br>തീയതി 16-05-2011 | 4 |
| 2008-09 | എൽ.എഫ്. കെ.എൻ.ആർ./സി 03/359/2011<br>തീയതി 16--05-2011 | 5 |
| 2009-10 | എൽ.എഫ്. കെ.എൻ.ആർ./സി 03/548/2011<br>തീയതി 11--05-2011 | 6 |
| 2010-11,<br>2011-12 | എൽ.എഫ്. കെ.എൻ.ആർ./സി 01/575/2013<br>തീയതി 05--08-2013 | 6 |
| 2012-13,<br>2013-14, | എൽ.എഫ്. കെ.എൻ.ആർ./സി 01/642/2015<br>തീയതി 08--07-2015 | 7 |
| 2014-15 | എൽ.എഫ്. കെ.എൻ.ആർ./സി 01/1441/2016<br>തീയതി 09--08-2016 | 6 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ./സി4/2183/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഫോൺ : 0497 2707698

ഇ മെയിൽ :lfaddistofficeknr@gmail.com

തീയ്യതി :01.02.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## AUDIT CERTIFICATE

No. KSA/KNR/C4/2183/2016

Kerala State Audit Department

District Audit Office, Kannur,

Phone:0497 2707698

Email:lfaddistofficeknr@gmail.com

Date:1.2.2017.

Certified that I have audited the Annual Financial Statement of Irikkur Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Irikkur Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office, Kannur.